# ബൂത്ത് ലവൽ ഓഫീസർ

മരിച്ചുപോയവരുടേയും ബൂത്തിന്റെ പരിധിയിൽനിന്നും സ്ഥിരതാമസം മാറിപോയവരുടേയും പേരുകൾ കണ്ടെത്തി വോട്ടർ പട്ടികയിൽ നിന്നും നീക്കം ചെയ്യുക, പട്ടികയിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ കണ്ടെത്തി തിരുത്തുക അങ്ങിനെ വോട്ടർ പട്ടിക കുറ്റമറ്റതാക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാൻ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ 20758 പോളിങ് ബൂത്തുകളിൽ ഓരോന്നിലും തെരഞ്ഞെടുപ്പ് കമ്മീഷൻ ബൂത്ത്ലവൽ ഓഫീസർമാരെ നിയമിക്കുന്നു. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരെ കൂടാതെ ഇനി മുതൽ അംഗൻവാടി അദ്ധ്യാപകരെയും ബൂത്ത് ലവൽ ഓഫീസറായി നിയോഗിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കൂട്ടരെ കിട്ടാതെ വരുന്ന ബൂത്തുകളിലെല്ലാം പെൻഷൻ പറ്റിയ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരെയും പരിഗണിയ്ക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഓഫീസർമാർക്ക് 2011 സെപ്റ്റംബർ 29 ന് മുമ്പ് പരിശീലനം നൽകും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതിയായ സെപ്റ്റംബർ 12 ന് മുമ്പ് ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ് സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കണം. നിലവിലുള്ള ബൂത്ത് ലവൽ ഓഫീസർമാരിൽ തുടരാൻ ആഗ്രഹിക്കുന്നവരും അപേക്ഷ സമർപ്പിക്കണം. ബി.എൽ.ഒമാരായി സേവനമനുഷ്ഠിക്കുന്നവർക്ക് ഒരു വർഷം 3000/- രൂപ ഹോണറേറിയം നൽകും. സമ്മറി റിവിഷനുമായി ബന്ധപ്പെട്ട് പുതുതായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നവരുടെ തിരിച്ചറിയൽ കാർഡുകൾ സമ്മതിദായകരുടെ ദേശീയ ദിനമായ ജനുവരി 25 ന് ചുമതലയുള്ള പോളിങ് ബൂത്തിൽ വിതരണം നടത്തേണ്ടത് ബൂത്ത് ലവൽ ഓഫീസർമാരുടെ ഉത്തരവാദിത്തമാണ്. വിവരംwww.ceo.kerala.gov.in വെബ്സൈറ്റിലും, 1950 ഫോൺ നമ്പറിലും ലഭിക്കും.

പി.എൻ.എക്സ്.4361/11